# Deepika

## 27 August 2018

## Thiruvananthapuram; Flood Recuse operations



രക്ഷാപ്രവർത്തനം

# മത്സ്യത്തൊഴിലാളികളെ ആദരിക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ദുരന്തത്തെ നേരിടാൻ ഏറെ സാങ്കേതിക സഹായങ്ങളുടെ പിന്തുണയില്ലാതിരുന്നിട്ടും തങ്ങളുടെ അനുഭവവും മനുഷ്യസ്നേഹവും കരുത്താക്കിക്കൊണ്ടു രക്ഷാപ്രവർത്തനങ്ങളിൽ ഇടപെട്ട മത്സ്യത്തൊഴിലാളികൾക്ക് അതത് പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വലിയ സഹായമാണ് മത്സ്യബന്ധന ബോട്ടുകളും മത്സ്യതൊഴിലാളികളും നൽകിയിട്ടുള്ളത്. ബോട്ടുടമകളും പൊതുവെ നല്ലനിലയിൽ സഹകരിച്ചിട്ടുണ്ട്. ബോട്ടിന് ഇന്ധനത്തോടൊപ്പം തന്നെ ദിവസം 3000 രൂപ വച്ച് നൽകണമെന്ന നിർദേശവും നൽകിയിട്ടുണ്ട്. രക്ഷാ പ്രവർത്തനത്തിനിടയിൽ തകർന്നു പോയ ബോട്ടുകളുമുണ്ട്. അവയുടെ കേടുപാടുകൾ സർക്കാർ മേൽനോട്ടത്തിൽ തന്നെ തീർത്തുകൊടുക്കാൻ നിർദേശിച്ചിട്ടുണ്ട്. നശിച്ചു പോയ ബോട്ടുകളുടെ ഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# 'വീടുകളിൽ ഭക്ഷണമെത്തിക്കും'

**തിരുവനന്തപുരം:** പ്രളയം മൂലം വീടുകളിൽ ഒറ്റപ്പെട്ടവർക്കും പാകം ചെയ്തു ഭക്ഷണം കഴിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന വീടുകളിലും ഭക്ഷണം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഹെലികോപ്റ്ററുകൾ, ബോട്ടുകൾ, വള്ളങ്ങൾ അതുപോലുള്ള എല്ലാവിധ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് അത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഊർജിതമായി നടന്നുവരുന്നുണ്ട്. അതു കൃത്യമായ സംവിധാനത്തിലൂടെ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ദുരിതബാധിതമേഖലകളിൽ വൈദ്യുതി സംവിധാനം തകർന്നുപോയിട്ടുണ്ട്. അവ പുനഃസ്ഥാപിക്കുക എന്നത് പ്രധാനമാണ്. കുടിവെള്ള പദ്ധതികൾക്കും തെരുവുവിളക്കുകൾക്കും വൈദ്യുതി പുനഃസ്ഥാപിക്കുക എന്നത് എറ്റവും പ്രഥമ ഉത്തരവാദിത്തമാണ്. വീടുകളിലും കെട്ടിടങ്ങളിലും വൈദ്യുതി പുനഃസ്ഥാപിക്കും. അപകടരഹിതമായി മുൻകരുതലുകളോടെ വൈദ്യുതി പുനസ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങൾ വൈദ്യുതിവകുപ്പിനുനൽകി. അതിനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു.